# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **15.12.2015 ൽ മറുപടിയ്ക്ക്**

നിയമസഭാ ചോദ്യം നം. 2869

## സ്കൂളുകളുടെ അംഗീകാരം

### ചോദ്യം

ശ്രീ. റ്റി.യു. കുരുവിള

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കുറഞ്ഞത് അഞ്ച് വർഷമെങ്കിലും പ്രവർത്തിച്ചിട്ടുള്ള സ്കുളുകൾക്ക് അംഗീകാരം നൽകി ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന് തീരുമാനം ഉണ്ടാകുമോ;

(സി) പാവപ്പെട്ട ഗ്രാമീണ വിദ്യാർത്ഥികൾക്ക് മികച്ച നിലവാരത്തിലുള്ള അദ്ധ്യയനം നൽകുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകി പൊതു വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ഡി) സ്കൂളുകളിൽ എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കിയിട്ടും പല കാരണങ്ങൾ പറഞ്ഞ് ഉദ്യോഗസ്ഥർ അംഗീകാരത്തിനുള്ള അപേക്ഷകൾ നിരസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

ശ്രീ.പി.കെ. അബ്ദുറബ്ബ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി

(എ) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണം ശേഖരിച്ചിട്ടില്ല.

(ബി) & (സി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്നതും 01.06.2012 - ൽ ചുരുങ്ങിയത് അഞ്ചു വർഷമെങ്കിലും പൂർത്തിയാക്കിയതും സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31.12.2014 - ൽ അവസാനിച്ചിട്ടുണ്ട്. അതുപോലെ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് 5 വർഷം പ്രവർത്തനം പൂർത്തിയാക്കിയ സി.ബി.എസ്.ഇ;/ഐ.സി.എസ്.ഇ; സ്കൂളുകൾക്ക് നിരാക്ഷേപപത്രം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31.01.2015 - ൽ അവസാനിച്ചിരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ